# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4776 | 29.06.2012-ൽ മറുപടിക്ക് |
|---|---|

### ബാലനീതി നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.സണ്ണി ജോസഫ് | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | 2000-ലെ ബാലനീതി നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) 2000-ലെ ബാലനീതി (കെയർ & പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) നിയമം അനുശാസിക്കും വിധം താഴെ പറയും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വകുപ്പ് 62 അനുസരിച്ച് മുഖ്യമന്ത്രി ചെയർമാനായും വകുപ്പു മന്ത്രി വൈസ് ചെയർമാനായും സ്റ്റേറ്റ് അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ട്.<br><br>വകുപ്പ് 34 അനുസരിച്ച് ഇടുക്കിയൊഴികെ 13 ജില്ലകളിലും ചിൽഡ്രൻസ് ഹോമുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>വകുപ്പ് 41 അനുസരിച്ച് ദത്തെടുക്കൽ പ്രക്രിയകൾ കാര്യക്ഷമമായി നടന്നു വരുന്നുണ്ട്.<br><br>വകുപ്പ് 42, 43 അനുസരിച്ച് ഫോസ്റ്റർ കെയറും സ്പോൺസർഷിപ്പ് പ്രോഗ്രാം എന്നിവയും നടന്നു വരുന്നുണ്ട്.<br><br>വകുപ്പ് 63 അനുസരിച്ച് പോലീസ് വകുപ്പിൽ നിന്ന് സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി ശിശുക്ഷേമ സമിതിയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. 2000-ലെ ബാലനീതി (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) നിയമത്തിലെ വകുപ്പ് 4 അനുസരിച്ച് 14 ജില്ലയിലും ജുവനൈൽ ജസ്റ്റിസ് ബോർഡും വകുപ്പ് 29 അനുസരിച്ച് 14 ജില്ലയിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റിസ് ബോർഡ്/ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ കാലാവധി 3 വർഷമാണ്. റിട്ടേർഡ് ഹൈക്കോടതി ജസ്റ്റീസ് ചെയർപേഴ്സണായും ഡയറക്ടർ ഓഫ് സോഷ്യൽ വെൽഫെയർ മെമ്പർ സെക്രട്ടറിയായും കൂടാതെ അഞ്ചംഗങ്ങൾ അടങ്ങിയിട്ടുള്ളതുമായ 5 വർഷ കാലാവധിയുള്ള ഒരു സെലക്ഷൻ കമ്മിറ്റിയാണ് ജുവനൈൽ ജസ്റ്റീസ് ബോർഡ്, ചൈൽഡ് |

| | | |
|---|---|---|
| | | വെൽഫെയർ കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നത്. ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ഒരു ചെയർ പേഴ്സണും 4 മറ്റു മെമ്പർമാരും ഉണ്ടായിരിക്കണം. ഇതിൽ . ഒരു വനിതാംഗം നിർബന്ധമായും ഉണ്ടായിരിക്കണം.<br>ജുവനൈൽ ജസ്റ്റീസ് ബോർഡിൽ ഒരു ജുഡീഷ്യൽ മജിസ്ട്രേറ്റ് ചെയർപേഴ്സണും രണ്ടു സാമൂഹ്യപ്രവർത്തകർ അംഗങ്ങളായിട്ടുണ്ടായിരിക്കും. ഒരംഗം വനിതാംഗമായിരിക്കണമെന്ന് നിർബന്ധവുമുണ്ട്. |
| (സി) | എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) എല്ലാ ജില്ലയിലും ജുവനൈൽ ജസ്റ്റീസ് ബോർഡുകൾ നിലവിലുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ